നമ്പർ. സി. പി. (1) 24251/2015

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 07. 06. 2016

## സർക്കുലർ നമ്പർ 17/16

വിഷയം: സഹകരണ വകുപ്പ് - ജപ്തി ചെയ്യാത്ത വസ്തുവകകളിൽ ജപ്തി ചെയ്തിരിക്കുന്നു എന്ന പരസ്യബോർഡ് സ്ഥാപിക്കുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതു-സംബന്ധിച്ച്.

സൂചന:

..............

കേരള സഹകരണ നിയമം/ചട്ടപ്രകാരം കുടിശ്ശിക വായ്പ ഈടാക്കുന്നതിന് എക്സിക്യൂഷൻ പെറ്റീഷൻ ഫയൽ ചെയ്യാത്തതും, ഫയൽ ചെയ്ത കേസുകളിൽ ജപ്തി ചെയ്യാത്തതുമായ വസ്തുവിൽ "ടി വസ്തു ബാങ്ക് വിധി കടത്തിലേക്ക് ജപ്തി ചെയ്തിരിക്കുന്നുവെന്നും ടി വസ്തുവിന്റെ ക്രയവിക്രയം നിരോധിച്ചരിക്കുന്നുവെന്നും" കാണിച്ചുകൊണ്ട് പല സഹകരണ സംഘങ്ങളും ബാങ്കുകളും നോട്ടീസ് ബോർഡ്/പരസ്യങ്ങൾ പതിക്കുന്നതായി നിരവധി പരാതികൾ ഈ ആഫീസിൽ ലഭിച്ചുവരുന്നു. ഇപ്രകാരം കേരള സഹകരണ സംഘം നിയമപ്രകാരം ജപ്തിചെയ്യാത്ത വസ്തുക്കൾ ജപ്തി ചെയ്തതായി ബോർഡ് സ്ഥാപിക്കുന്ന നടപടി നിയമാനുസൃതമല്ല. ഇപ്രകാരമുള്ള അനധികൃത നടപടികൾക്കെതിരെ പല വകുപ്പ് ഉദ്യോഗസ്ഥരും കണ്ണടക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കേരള സഹകരണ നിയമം/ചട്ടപ്രകാരം വ്യവസ്ഥയിലില്ലാത്ത നടപടികൾ സ്വീകരിക്കുകയും, അപ്രകാരമുള്ള നടപടികൾ വായ്പക്കാർക്ക് അപമാനമുണ്ടാകുന്നതായും കാണുന്നതിനാൽ നിയമത്തിൽ വ്യവസ്ഥ ചെയ്യാത്ത യാതൊരു നടപടിയും, വകുപ്പ് ഉദ്യോഗസ്ഥർ സ്വീകരിക്കരുതെന്നും ഏതെങ്കിലും സംഘങ്ങൾ ഇത്തരം നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിൽ ആയതിനെതിരെ കർശന നടപടികൾ അസിസ്റ്റന്റ് രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ തലത്തിൽ സ്വീകരിക്കണമെന്നും നിർദ്ദേശിക്കുന്നു.

ഒപ്പ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:

1. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
2. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
   ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന
3. ഈ ആഫീസിലെ എല്ലാ ജോയിന്റ്/ഡെപ്യൂട്ടി/അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും
4. സഹകരണ വീഥി
5. സ്റ്റോക്ക് ഫയൽ
6. വെബ്സൈറ്റ്, സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി. പി - എ)